# പൗരാവകാശം

## എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്

(എൻ.ബി.എ. അക്രഡിറ്റഡ്)

കാസറഗോഡ്

# അവതാരിക

എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിൽ കാസറഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിനെ സംബന്ധിക്കുന്ന വിവരങ്ങളും സേവനങ്ങളും പൊതുജനസമക്ഷത്തിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി കോളേജിനെ സംബന്ധിക്കുന്ന പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത രേഖ ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തേയും ഈ സ്ഥാപനത്തിൽ നിന്നുള്ള സേവനങ്ങളെക്കുറിച്ചും പൊതുജന - വിദ്യാർത്ഥികൾക്ക് മതിയായ ധാരണയുണ്ടാക്കുവാൻ കഴിയുമെന്ന പ്രത്യാശയോടുകൂടി, കാലോചിതമായ ഭേദഗതികൾക്ക് വിധേയമായി പൊതുജനങ്ങൾക്ക് സൗജന്യവിതരണത്തിനായി പ്രസിദ്ധീകരിക്കുന്നു.

**പ്രൊഫസർ സുകുമാരൻ പി. ആർ.**
പ്രിൻസിപ്പാൾ

# ഉള്ളടക്കം

1. ആമുഖം
2. മുഖ്യദർശനം
3. കാര്യദർശനം
4. സ്ഥാപനത്തെക്കുറിച്ചുള്ള വിവരങ്ങൾ
5. പ്രധാന ഉദ്യോഗസ്ഥരും ഫോൺ നമ്പറുകളും
6. കോഴ്സുകളുടെ വിവരങ്ങൾ
7. ഫീസ് ഘടന
8. അപേക്ഷിക്കേണ്ട വിധവും പ്രവേശന രീതിയും
9. പ്ലേസ്മെന്റ് സെൽ
10. വിവരാവകാശനിയമം
11. പരാതിപരിഹാര സെൽ
12. ആന്റി റാഗിംഗ് കമ്മിറ്റികൾ
13. എത്തിക്സ് കമ്മിറ്റി
14. സാമൂഹ്യ സേവനം
16. വെബ്സൈറ്റ്

# ആമുഖം

എൽ.ബി.എസ്. സെന്ററിനു കീഴിൽ 1993ൽ സർക്കാർ തലത്തിൽ ആദ്യ സ്വാശ്രയ സ്ഥാപനമായി കാസറഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിതമായി. സാങ്കേതിക വിദ്യാഭ്യാസ ഗുണ നിലവാര സൂചികയായി നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ നൽകുന്ന അക്രഡിറ്റേഷൻ പദവി ലഭിച്ച കേരളത്തിലെ ചുരുക്കം എഞ്ചിനീയറിംഗ് കോളേജുകളിൽ ഒന്നാണ് ഈ സ്ഥാപനം. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കേരളത്തിലെ പിന്നോക്ക ജില്ല യായ കാസറഗോഡ് ജില്ലയുടെയും കേരളത്തിന്റെ മുഴു വനും അഭിമാനമായി വളർന്നുവരുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനം കൂടിയാണ് എൽ.ബി.എസ്. എഞ്ചിനീയ റിംഗ് കോളേജ്.

## മുഖ്യദർശനം

സാങ്കേതിക വിദ്യാഭ്യാസ ഗവേഷണ പദ്ധതി നിർവ്വഹണങ്ങളുടെ ഒരു അതുല്ല്യ സ്ഥാപനമാവുക.

## കാര്യദർശനം

തികഞ്ഞ ഗുണനിലവാരമുള്ള സാങ്കേതിക വിദ്യാഭ്യാസവും പരിശീലനവും നൽകുകയും, സ്ഥായിയായ പുരോഗതിയുടെ ദർശനം പാകി വളർത്തിയെടുക്കുകയും അത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടത്തുന്ന പുതിയ തലമുറക്ക് പകർന്ന് നൽകുകയും ചെയ്യുക.

## സ്ഥാപനത്തെക്കുറിച്ചുള്ള വിവരങ്ങൾ


| | | |
|---|---|---|
| വിലാസം | : | എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്<br>പൊവ്വൽ, മുളിയാർ പി.ഒ., കാസറഗോഡ് - 671542 |
| ഫോൺ | : | 04994 250290, 04994 250555 |
| ഫാക്സ് നമ്പർ | : | 04994 250400 |


***************************************************************************************

# പ്രധാന ഉദ്യോഗസ്ഥരും ഫോൺ നമ്പറുകളും

| പേര് | തസ്തിക | ഫോൺ നമ്പർ |
|---|---|---|
| പ്രൊഫ: സുകുമാരൻ. പി.ആർ. | പ്രിൻസിപ്പാൾ | 04994 250290<br>04994 250555 |
| ശ്രീ. മുഹമ്മദ് ഷുക്കൂർ. റ്റി. | വാർഡൻ | 04994 250290<br>Extn 302 |
| ശ്രീ. പ്രവീൺകുമാർ കെ. | പ്ലേസ്മെന്റ് ആഫീസർ | 04994 250290<br>Extn 250 |
| ശ്രീ. കെ. സേതുമാധവൻ നായർ | അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | 04994 251566 |
| ശ്രീ. ദാമോദരൻ നായർ കെ. | സെക്രട്ടറി, പി.റ്റി.എ. | 9946395972 |
| ശ്രീ. സത്യനാഥൻ കെ. | സെക്രട്ടറി, കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 04994 250290 |
| ശ്രീമതി മേരിറീന | എച്ച്.ഒ.ഡി., ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് | 04994 250290<br>Extn 400 |
| പ്രൊഫ: സുകുമാരൻ പി.ആർ. | എച്ച്.ഒ.ഡി., ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് | 04994 250290<br>Extn 350 |
| ശ്രീ. ജെ. ജയമോഹൻ | എച്ച്.ഒ.ഡി., സിവിൽ എഞ്ചിനീയറിംഗ് | 04994 250290<br>Extn 453 |
| ശ്രീ. വിനോദ് ജോർജ്ജ് | എച്ച്.ഒ.ഡി., കംപ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് | 04994 250290<br>Extn 250 |
| ശ്രീ. കെ. പ്രവീൺകുമാർ | എച്ച്.ഒ.ഡി., ഇൻഫർമേഷൻ ടെക്നോളജി | 04994 250290<br>Extn 250 |
| ശ്രീ. അബൂബക്കർ കാടങ്ങൽ | എച്ച്.ഒ.ഡി., മെക്കാനിക്കൽ എഞ്ചിനീയറിംഗ് | 04994 250290<br>Extn 300 |
| ശ്രീമതി ജയശ്രീ എം | എച്ച്.ഒ.ഡി. അപ്ലൈഡ് സയൻസ് | 04994 250290<br>Extn 450 |

| അനുബന്ധ സ്ഥാപനങ്ങളുടെ ടെലഫോൺ നമ്പറുകൾ | |
|---|---|
| സെൻട്രൽ ബാങ്ക് (എക്സ്റ്റൻഷൻ കൗണ്ടർ) | 04994 250290 Extn 333 |
| ലേഡീസ് ഹോസ്റ്റൽ 1 | 04994 250578 |
| മെൻസ് ഹോസ്റ്റൽ 1 | 04994 250556 |
| മെൻസ് ഹോസ്റ്റൽ 2 | 04994 251577 |
| മെൻസ് ഹോസ്റ്റൽ 3 | 04994 282520 |
| പരീക്ഷാ വിഭാഗം | 04994 250290 Extn 202<br>Extn 452 |

## കോഴ്സുകളുടെ വിവരങ്ങൾ

| | കോഴ്സ് | പരമാവധി സീറ്റുകൾ |
|---|---|---|
| 1. | ബി.ടെക്. ഇലക്ട്രോണിക്ക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് | 90* |
| 2. | ബി.ടെക്. ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് | 60* |
| 3. | ബി.ടെക്. സിവിൽ എഞ്ചിനീയറിംഗ് | 60* |
| 4. | ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് | 90* |
| 5. | ബി.ടെക് ഇൻഫർമേഷൻ ടെക്നോളജി | 60* |
| 6. | ബി.ടെക് മെക്കാനിക്കൽ എഞ്ചിനീയറിംഗ് | 60* |
| 7. | മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ളിക്കേഷൻ (എം.സി.എ.) | 22 |

* പരമാവധി സീറ്റുകളുടെ 10% ഫീസ് സൗജന്യ സീറ്റുകളും (ആദ്യവർഷം), 10% ലാറ്ററൽ എൽട്രി (രണ്ടാംവർഷം) സീറ്റുകളും ഇതിൽ പെടുന്നില്ല.

* നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം കോളേജിൽ ബി.ടെക് കോഴ്സിന് മൂന്നു തരത്തിലുള്ള സീറ്റുകളിലേക്കാണ് പ്രവേശനം നടത്തുന്നത്.
* പരമാവധി സീറ്റുകളുടെ 50% മെറിറ്റ് സീറ്റും ബാക്കിയുള്ള 50% ത്തിൽ 35 % മാനേജ്മെന്റ് സീറ്റും 15% എൻ.ആർ.ഐ. വിഭാഗത്തിലും പെടുത്തിയിരിക്കുന്നു.
* എം.സി.എ. കോഴ്സിന് രണ്ടുതരത്തിലുള്ള സീറ്റുകളിലേക്കാണ് പ്രവേശനം നടത്തുന്നത്. പരമാവധി സീറ്റുകളുടെ 50% വീതം മെറിറ്റും മാനേജ്മെന്റും.

## ഫീസ് ഘടന (2009– 10)

| സീറ്റ് വിഭാഗം | വാർഷിക ഫീസ് | പ്രവേശനം നടത്തുന്നത് |
|---|---|---|
| 1 ബി.ടെക് (മെറിറ്റ് സീറ്റ്) | Rs. 25000 | പ്രവേശന പരീക്ഷാ കമ്മീഷണർ |
| 2 മാനേജ്മെന്റ് സീറ്റ് | Rs. 65000 | പ്രവേശന പരീക്ഷാ കമ്മീഷണർ |
| 3 എൻ.ആർ.ഐ. | Rs. 100000* | പ്രിൻസിപ്പാൾ, എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് (എൻ.ആർ.ഐ. സീറ്റിലേക്ക് ആദ്യ വർഷം ഫീസ് കൂടാതെ തിരികെ ലഭിക്കുന്ന, 125000 രൂപ പലിശ രഹിത ഡെപ്പോസിറ്റായി നൽകണം) |
| 4 എം.സി.എ.(മെറിറ്റ് സീറ്റ്) | Rs. 7000 | പ്രവേശന പരീക്ഷാ കമ്മീഷണർ |
| 5 മാനേജ്മെന്റ് | Rs. 38500 | പ്രവേശന പരീക്ഷാകമ്മീഷണർ |

## അപേക്ഷിക്കേണ്ട വിധവും പ്രവേശന രീതിയും

മെറിറ്റ് സീറ്റിലേക്കും മാനേജ്മെന്റ് സീറ്റിലേക്കും ഉള്ള പ്രവേശനം കേരളാ പ്രവേശന പരീക്ഷ കമ്മീഷണറുടെ ഉത്തരവ് പ്രകാരവും

എൻ.ആർ.ഐ. സീറ്റിലേക്കുള്ള പ്രവേശനം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി ഡയറക്ടറുടെ അനുമതിയോടെ കോളേജ് പ്രിൻസിപ്പാളും നടത്തുന്നു.

എൻ.ആർ.ഐ. വിഭാഗത്തിൽ അപേക്ഷിക്കുന്ന വിദ്യാർത്ഥികളെ ഒരു പ്രവാസി സ്പോൺസർ ചെയ്യുന്നതായുള്ള രേഖയും സമർപ്പിക്കണം.

ലാറ്ററൽ എൻട്രി സ്കീം വഴി രണ്ടാം വർഷക്ലാസ്സുകളിലേക്ക് നേരിട്ടുള്ള പ്രവേശനം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ (ഡി.ടി.ഇ.) ഇവർക്കായി പ്രത്യേകം നടത്തുന്ന എൻട്രൻസ് പരീക്ഷാ റാങ്കിന്റെ അടിസ്ഥാനത്തിൽ നടത്തുന്നു.

*****************************************************************************************

# പ്ലേസ് മെന്റ് സെൽ

താഴെ പറയുന്ന ലക്ഷ്യങ്ങളോടുകൂടി, കോളേജിൽ ഒരു കരിയർ ഗൈഡൻസ് ആന്റ് പ്ലേസ്മെന്റ് സെൽ പ്രവർത്തിക്കുന്നു.

* വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക
* വിദ്യാർത്ഥികൾക്ക് അവരുടെ കരിയർ ഡെവലപ്മെന്റിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക
* വിദ്യാർത്ഥികൾക്ക് സോഫ്റ്റ്സ്കിൽ തുടങ്ങിയ കരിയർ മേഖലകളിൽ പരിശീലനം നൽകുക.
* റിക്രൂട്ട്മെന്റിന് കമ്പനികളെ ക്യാംപസിലേക്ക് ക്ഷണിക്കുക.
* ക്യാംപസിൽ റിക്രൂട്ട്മെന്റിന് വേണ്ട സൗകര്യങ്ങൾ ഏർപ്പാട് ചെയ്യുക.

കൂടുതൽ വിവരങ്ങൾക്ക് പ്ലേസ്മെന്റ് ഓഫീസറെ താഴെപറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ശ്രീ. പ്രവീൺകുമാർ, അസി. പ്രൊഫസർ - 04994 250290, 250

# നാഷണൽ സർവ്വീസ് സ്കീം

വിദ്യാർത്ഥികളിൽ സാമൂഹ്യ സേവന ബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ നാഷണൽ സർവ്വീസ് സ്കീമിന്റെ ഒരു യൂണിറ്റ് കോളേജിൽ പ്രവർത്തിക്കുന്നു. (യൂണിറ്റ് നമ്പർ - 179 Tec)

പ്രൊഗ്രാം ഓഫീസർ : ശ്രീ സന്ദീപ് ചന്ദ്രൻ - 9495207906

# വിവരാവകാശ നിയമം

2005ലെ കേന്ദ്ര വിവരാവകാശ നിയമം അനുസരിച്ച് കോളേജിനെ സംബന്ധിക്കുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി താഴെ പറയുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ | ശ്രീ. കെ. സേതുമാധവൻ നായർ<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ<br>04994 251566 |
| സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ | ശ്രീ. സന്തോഷ്കുമാർ കെ.<br>ഡി. സെക്ഷൻ<br>04994 250290, Extn 204 |
| അപ്പീൽ അധികാരി | പ്രൊഫ: സുകുമാരൻ പി.ആർ.<br>പ്രിൻസിപ്പാൾ<br>04994 250290, Extn 200 |

# പരാതി പരിഹാരസെൽ

എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ പരാതികൾ പരിഗണിക്കുന്നതിനും പരിഹരിക്കുന്നതിനുമായി പരാതി പരിഹാരസെൽ പ്രവർത്തിക്കുന്നു.

ചെയർമാൻ : ശ്രീ. മുഹമ്മദ് ഷെക്കൂർ ടി.
അസിസ്റ്റന്റ് പ്രൊഫസർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, 04994 250290, Extn 302

അപ്പീൽ അധികാരി : പ്രൊഫ. പി.ആർ. സുകുമാരൻ
പ്രിൻസിപ്പാൾ

# ആന്റി റാഗിംഗ് കമ്മിറ്റികൾ

കോളേജ് പ്രിൻസിപ്പാൾ ചെയർമാനും പോലീസ് സർക്കിൾ ഇൻസ്പെക്ടർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് പ്രസിഡണ്ട്, അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ പ്രതിനിധികൾ, സീനിയർ, ജൂനിയർ വിദ്യാർത്ഥികളുടെ പ്രതിനിധികൾ എന്നിവരടങ്ങിയ ആന്റി റാഗിംഗ് കമ്മിറ്റിയും, ഹോസ്റ്റലുകൾ, കോളേജ് ക്യാമ്പസ് എന്നിവിടങ്ങളിലും റാഗിംഗ് തടയുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി പ്രത്യേകം ആന്റി റാഗിംഗ് സ്ക്വാഡും പ്രവർത്തിക്കുന്നു.

# എത്തിക്സ് കമ്മിറ്റി

പ്രിൻസിപ്പൽ ചെയർമാനും, പി.ടി.എ. സെക്രട്ടറി വൈസ് ചെയർമാനും സ്റ്റാഫ് അഡ്വൈസർ കൺവീനറും കോളേജ് യൂണിയൻ ചെയർമാൻ, എൻ.എസ്.എസ് കോർഡിനേറ്റർ, വനിതാ പ്രതിനിധി (അദ്ധ്യാപിക), ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ എന്നിവർ അംഗങ്ങളുമായി എത്തിക്സ് കമ്മിറ്റി കോളേജിൽ പ്രവർത്തിച്ചു വരുന്നു.

***********************************************************************************

# സാമൂഹ്യ സേവനം

കാസറഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിലെ വിവിധ വകുപ്പുകൾ വൈവിധ്യമാർന്ന സാമൂഹിക സേവനങ്ങൾ നടത്തിവരുന്നു. ഇവയിൽ ചിലത് താഴെ കൊടുക്കുന്നു.

1. ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരുടെ വീടുകളുടെ വൈദ്യുതീകരണം.
2. പ്ളംബിംഗ്, വെൽഡിംഗ്, ഷീറ്റ് മെറ്റൽ, ലെയ്ത് വർക്ക് (സി.എൻ.സിയും ഓർഡിനറിയും) ഹൗസ് വയറിംഗ്, വൈദ്യുതി ഉപകരണങ്ങളുടെ സർവ്വീസിങ്ങ് എന്നിവയിൽ പരിശീലനം
3. കമ്പ്യൂട്ടർ അസംബ്ളിംങ്ങ് പരിശീലനം.
4. ഇന്റർനെറ്റ്, ഡാറ്റാ എൻട്രി എന്നിവയിൽ പരിശീലനം
5. സ്കൂളുകളിലെ കമ്പ്യൂട്ടർ അധിഷ്ഠിത പഠനത്തിന് സാങ്കേതിക സഹായം.

# കൺസൾട്ടൻസി സർവ്വീസ്

ഈ സ്ഥാപനങ്ങളിലെ വിവിധ വകുപ്പുകളിൽ കൺസൾട്ടൻസി സേവനങ്ങൾ ലഭ്യമാണ്. വകുപ്പ് തിരിച്ചുള്ള കൺസൾട്ടൻസി സൗകര്യം ഇനി പറയുന്നവയാണ്.

## (എ) ഇലക്ട്രിക്കൽ വിഭാഗം

1. യു.പി.എസ്., ജനറേറ്റർ എന്നിവയുടെ ടെസ്റ്റിങ്ങ്, സർട്ടിഫിക്കേഷൻ
2. 1000 ആമ്പിയർ ഉള്ള ലോഡുകളുടെ എല്ലാ തരത്തിലുള്ള ഇലക്ട്രിക്കൽ പരാമീറ്റർ മെഷർമെന്റ്
3. എർത്ത് ടെസ്റ്റിങ്ങ്, സർട്ടിഫിക്കേഷൻ
4. ഹാർമോണിക്ക് മെഷർമെന്റ്

## (ബി) കമ്പ്യൂട്ടർ സയൻസ് വിഭാഗം

1. കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, നെറ്റ് വർക്കിംഗ് സിസ്റ്റം എന്നിവയുടെ ടെസ്റ്റിങ്ങ്, സർട്ടിഫിക്കേഷൻ
2. ബാങ്കുകൾക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള സോഫ്റ്റ്‌വെയർ സെലക്ഷൻ, സർട്ടിഫിക്കേഷൻ

## (സി) ഇലക്ട്രോണിക്സ് വിഭാഗം

1. ഇലക്ട്രോണിക്, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളുടെ ടെസ്റ്റിങ്ങ്, സർട്ടിഫിക്കേഷൻ
2. കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ തയ്യാറാക്കൽ

## (ഡി) മെക്കാനിക്കൽ വിഭാഗം

1. പ്രഷർ ഗേജുകളുടെയും ഫ്ളോമീറ്ററുകളുടെയും ടെസ്റ്റിങ്ങ്, കാലിബ്രേഷൻ
2. കോൺക്രീറ്റിന്റെയും ഇരുമ്പു സ്ട്രക്ച്ചറുകളുടെയും ബലപരിശോധന
3. വാഹനങ്ങൾ, ഫർണസ്, ബോയിലർ, എന്നിവയുടെ പുക പരിശോധന
4. ശബ്ദ തീവ്രത നിർണ്ണയ പരിശോധനകൾ
5. വൈബ്രേഷൻ തീവ്രത നിർണ്ണയ പരിശോധനകൾ

## (ഇ) സിവിൽ വിഭാഗം

1. കെട്ടിടങ്ങളുടെ സ്ട്രെക്ചറൽ രൂപകൽപ്പന (ഡിസൈൻ)
2. കെട്ടിടങ്ങളുടെ സ്ട്രെക്ചറൽ രൂപകൽപ്പനാ പരിശോധന (ഡിസൈൻ സ്ക്രൂട്ടനി)
3. അടങ്കൽ തയ്യാറാക്കൽ
4. ആർക്കിടെക്ചറൽ ഡിസൈൻ തയ്യാറാക്കി സ്ട്രക്ചറൽ ഡിസൈൻ, ഇലക്ട്രിക്കൽ ഡിസൈൻ, ടെൻഡർ രേഖകൾ മുതലായവ തയ്യാറാക്കൽ.
5. ഭൂമി അളന്ന് കോൺടൂർ മാപ്പ് തയ്യാറാക്കൽ
6. പാലങ്ങളുടെ സർവ്വേ ചെയ്ത് ഡ്രോയിങ്ങും മറ്റു അനുബന്ധ രേഖകളും തയ്യാറാക്കൽ.
7. പാലങ്ങളുടെ രൂപകൽപ്പന, സ്ട്രെക്ചറൽ രൂപകൽപ്പന, അടങ്കൽ തയ്യാറാക്കൽ

# വെബ്സൈറ്റ്

കോളേജിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് 'www.lbsce.org' എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(ഒപ്പ്)

പ്രിൻസിപ്പാൾ
എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്
കാസറഗോഡ്